KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഐ. ടി. ക്ലബ്ബ്




# ഡിജിറ്റൽ മാഗസിൻ 2019–20

## കെ.എസ്.എം.വി.എച്ച്.എസ്.എസ്

ഇടവട്ടം

# സന്ദേശം

സാങ്കേതികവിദ്യ യോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി കുട്ടികളുടെ ഐ ,ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ് സ്കൂളിലും നടപ്പിലാക്കിവരുന്നു . ഈ പദ്ധതിയുടെ സംരംഭമായ e- മാഗസിൻ നിർമിച്ചു പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു .മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും മറ്റു കുട്ടികൾക്കും ഇ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ .സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യം അഭിരുചിയുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്

**ഒപ്പ്**

സ്മിത .എസ്

ഹെഡ്മിസ്ട്രസ്

# വിജയ പാതയിലൂടെ ...

പവിത്രേശ്വരം പഞ്ചായത്തില് സ്ഥിതിചെയ്യുന്ന ഈ സ്കൂള്1982–ലാണ് അനുവദിച്ചുകിട്ടിയത്.3 ഏക്കർ സ്ഥലത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് ഒരു സിംഗിള് മാനേജ്മെന്റ് എയ്ഡഡ് സ്കൂൾ ആണ്.ശ്രീമതി.രാജലക്ഷ്മിഅമ്മയാണ് ഈ സ്കൂളിന്റെ സ്ഥാപക മാനേജർ . സ്കൂള് ആരംഭിച്ചപ്പോൾ പ്രഥമാധ്യാപകനായിരുന്നത് ശ്രീ.V.N.ചന്ദ്രശേഖരന് പിള്ള ആയിരുന്നു.1982–ല് 5 ഡിവിഷനുകളുമായാണ് സ്കൂള് ആരംഭിച്ചത്.പിന്നീട് അത് 18 ഡിവിഷനായി ഉയരുകയും ചെയ്തു.. നിലവില് 11 ഡിവിഷനുകളിലായി ഏകദേശം 500 ഓളം വിദ്യാര്ത്ഥികളുമായി നല്ല രീതിയില് പ്രവര്ത്തിച്ച വരുന്നു. 1987–ല് പ്രഥമാധ്യാപകനായിരുന്ന ശ്രീ.V.N.ചന്ദ്രശേഖരന് പിള്ളയുടെ മരണത്തിനു ശേഷം പ്രധമാധ്യാപികയായി ശ്രീമതി.സരളാദേവിയമ്മയെ നിയമിച്ചു. 1992–ല് സ്കൂളിന് VHS വിഭാഗം 5 പ്രത്യേക കോഴ്സുകളുമായി അനുവദിച്ചു കിട്ടി. ഇപ്പോള് ഈ സ്കൂളിന്റെ മാനേജര് ശ്രീ.S.R.കൃഷ്ണന്കുട്ടിനായർ ആണ്.എസ് സ്മിതയാണ് പ്രഥമാധ്യാപിക .സുഖകരമായ കാലാവസ്ഥയും നിശബ്ദമായ അന്തരീക്ഷവും വിദ്യാലയ അന്തരീക്ഷത്തിനു കൂടുതൽ മികവേറുന്നു..സാമ്പത്തിക ഉച്ചനീചത്വങ്ങൾ നോക്കാതെ സമൂഹത്തിലെ എല്ലാ വിഭാഗവും കുട്ടികളും എവിടെ പഠിക്കുന്നു .കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും സ്വയം പര്യാപതയ്ക്കും ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസം ഇവിടെ നല്കുന്നു .ജൂനിയർ റെഡ്ക്രോസ് ,ഗെയിഡ് .സ്കൗട്ട് ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളും മാതൃഭൂമി സീഡ് ,മനോരമ നല്ലപാഠം ,എന്നീ യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു .കുട്ടികളുടെ കായിക വിദ്യാഭ്യാസത്തിനു ഊന്നൽ നൽകികൊണ്ട് ഒട്ടേറെ പ്രവത്തനങ്ങൾ ഈ സ്കൂളിൽ നടക്കുന്നുണ്ട്



# താളുകളിലൂടെ........


- കഥകളിയുടെ ചരിത്രം -8
- കൂട്ടുകാരൻ -9
- വാർദ്ധക്യം-10
- മഹാകവി ചെറുശ്ശേരി-11
- ഇന്ത്യൻ പ്രധാനമന്ത്രികൾ -12
- പ്രകൃതി-13
- കേരളം-14
- ആർഷം -15
- പ്രളയദുരന്തവും സമാനതകളില്ലാത്ത കൂട്ടായ്മകളും- 16
- ഓഖി -17
- പി ഭാസ്കരൻ-18
- ഒറ്റമൂലികൾ -19
- ഗ്രഹങ്ങൾ -20
- ദിനാചരണങ്ങൾ -21
- ആദ്യത്തെ ....22.
- ഒ എൻ വി-23

# ആമുഖം

വിജ്ഞാനത്തോടൊപ്പം സർഗ്ഗാത്മകശേഷിയും,അടിസ്ഥാന മൂല്യങ്ങളും വികസിച്ചെങ്കിൽ മാത്രമേ സദാ വെളിച്ചംതൂവി അജ്ഞാനാന്ധകാരത്തെ അകറ്റാനും,മഹത്വപൂർണ്ണമായ ആത്മസംസ്കാരണത്തിനും സാധ്യമാവുകയുള്ളൂ. ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ അങ്ങനെയാകാൻ ഞങ്ങൾ ആഗ്രഹിയ്ക്കുന്നു. ലോകം വിരൽത്തുമ്പിൽ വിടരുന്ന ഈ കാലഘട്ടത്തിൽ ഞങ്ങളും ആ യാത്രയിൽ അണിചേരുന്നു......................

## ധ്വനിയ്ക്ക് പിന്നിൽ

.കൃഷ്ണപ്രിയ

.അഞ്ജന കുമാർ

.ആദിത്യ ബിജു

.അമൽ

.സന്ദീപ്

.അജയ് കൃഷ്ണ

.അഭിനാഥ്

.ആരോമൽ

.ബിൻസി

.ആരതി രാജേഷ്

.സ്നേഹ

.ആർഷ ഷാജൻ

.അക്ഷയ് രാജ്

.നവനീത് ചന്ദ്രൻ

.സനൽ

.അബിയ മാത്യു

.ആവണി

.ആദിത്യ.എസ്

.ദേവിക.മുരുകൻ

.ജ്യോതി

.സ്നേഹ.എസ്

.സന്ദീപ്

## ചില നിമിഷങ്ങളിലൂടെ ............................














കേരളത്തിന്റെ തനതായ ശാസ്ത്രീയ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്. ശാസ്ത്രക്കളി, ചാക്ക്യാർകൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെയ്യം, തിറയാട്ടം, പടയണി തുടങ്ങിയവ ക്ലാസിക്കൽ നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്.17,18 നൂറ്റാണ്ടുകളിലായി വികസിച്ച ഈ കലാരൂപം ഒരുകാലത്ത് വരേണ്യവിഭാഗങ്ങൾക്ക് ഇടയിൽ മാത്രം ഒതുങ്ങിനിന്നിരുന്നുവെങ്കിലും ഇരുപതാംനൂറ്റാണ്ടിൽ "മഹാകവി വള്ളത്തോൾ "അടക്കമുള്ള ശ്രേഷ്ഠന്മാരുടെ ശ്രമഫലമായി ഇന്ന് ലോകപ്രസിദ്ധി കൈവരിച്ച ഈ കലാരൂപം. നൃത്തം, നാട്യം, നൃത്യം, ഗീതം, വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസ സമ്മേളനമാണ് കഥകളി. ഇതു കൂടാതെ സാഹിത്യം ഒരു പ്രധാനവിഭാഗമാണെങ്കിലും ഇതു ഗീതത്തിന്റെ ഉപവിഭാഗമായി കരുതപ്പെടുന്നു.

# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റകിളി...........
കാറ്റിനോടു കഥ മെനഞ്ഞും
കടലിനോടു കളി പറഞ്ഞും
കാടായ കാടെല്ലാം ,മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ  കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചി ചിലച്ചും
കിളിക്കൂട്ടിലെന്നെ...........
കുളിരറിയിക്കാതെ.....
കവിൾ ചേർത്തുറക്കിയും
കനിവിന്റെ  കനിവാ ,മെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരൻ...........

**ജോതി കൃഷ്ണ**
**9:ബി**



# വാർധക്യം

നാളെയെൻ മക്കളെന്നെ നോക്കിടും
നാളെയെൻ മക്കൾക്ക് നിഴലായിടും
വീടിന്റെ ഉള്ളിലെ ജനാലയിൽ നിന്നു
ഞാൻ പുറത്തേക്ക് നോക്കിടും നേരമായ്
കാലിൻ കൊലുസ്സുകൾ അഴിക്കാൻ കഴിഞ്ഞില്ല
വാർധക്യം എന്നെ പിടിച്ചുലച്ചു
വാടാതെ വേദന ഉള്ളിൽ പിടിച്ചു
ഞാനെൻമനസ്സുകല്ലാക്കിമാറ്റി
ക്രൂരമായ് നോക്കും മക്കളിൻ കണ്ണുകൾ
നോവായ് നെഞ്ചിലേക്കാഞ്ഞടിച്ചു
പാട്ടില്ല, പാട്ടിന്റെ പാലാഴിയില്ല
വിളക്കില്ല നാമജപങ്ങളില്ല
ഫ്ലാറ്റിന്റെ ഇത്തിരിക്കോണിലായ്
മക്കൾ ചുരുണ്ടുകൂടിക്കിടക്കുന്നതാനും
ശൂന്യമായിയെരിയുന്ന മരുഭൂമിയായി
തറവാടും എന്റെയികാൽചിലമ്പും
ചങ്ങലക്കുള്ളിലെ നീറ്റും മൂറിവിനെ
നോക്കിടാൻ ആരുമുണർന്നിലയോ
എന്നെ അനാധയായി മാറ്റിയ മക്കളെ
വിട്ടു ഞാൻ ദൂരേക്ക്പോയിടുന്നു

ബിൻസി ബിനു
9:ബി



# മഹാകവി ചെറുശ്ശേരി

ക്രി.വ പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി .കോലത്തുനാട്ടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു .ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച 'കൃഷ്ണഗാഥയാണ് 'അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി .




ആദിത്യ .ബിജു 9A

## ഇന്ത്യൻ പ്രധാനമന്ത്രിമാർ

1) ജവഹർലാൽ നെഹ്റു (കാലാവധി 1947-1964)

2 ഗുൽസാരിലാൽ നന്ദ ( കാലാവധി 1964-1964)

3) ലാൽ ബഹദൂർ ശാസ്ത്രി ( കാലാവധി 1964-1966)

4)ഗുൽസാരിലാൽ നന്ദ ( കാലാവധി 1966-1966)

5) ഇന്ദിരാഗാന്ധി ( കാലാവധി 1966-1977)

6) മൊറാർജി ദേശായ് ( കാലാവധി 1977-1979)

7) ചരൺ സിംഗ് ( കാലാവധി 1979-1980)

8) ഇന്ദിരാഗാന്ധി ( കാലാവധി 1980-1984)

9) രാജീവ് ഗാന്ധി ( കാലാവധി 1984-1989)

10) വിശ്വനാഥ് പ്രതാപ് സിംഗ് (കാലാവധി 1989-1990)

11) ചന്ദ്രശേഖർ ( കാലാവധി 1990-1991)

12) പി.വി.നരസിംഹറാവു ( കാലാവധി 1991-1996)

13) എ.ബി.വാജ്പേയ് ( കാലാവധി 1996-1997)

14) എച്ച്.ഡി.ദേവഗൗഡ ( കാലാവധി 1996-1997)

15) ഐ.കെ.ഗുജ്റാൾ ( കാലാവധി 1997-1998)

16) എ.ബി.വാജ്പേയ് ( കാലാവധി 1998-2004)

17) ഡോ.മൻമോഹൻ സിംഗ് ( കാലാവധി 2004-2014)

18) നരേന്ദ്ര മോദി ( കാലാവധി 2014-തുടരുന്നു)

ആദിത്യ . എസ്

**9B**

# പ്രകൃതി

എന്ത് സുന്ദരമാണീ പ്രകൃതിൽ
പ്രകൃതി പ്രതിഭാസങ്ങൾ
എന്ത് സുന്ദരമാണി പ്രകൃതിയിൽ
പച്ച പാവാട അണിഞ്ഞു
നിൽകുന്ന     വയലുകൾ
ചുവന്ന പൊട്ട് പോലെ
ഉദിച്ച് നിൽകുന്ന പുലരി
വരവോടെ പുഞ്ചിരിച്ചു
നിൽകുന്ന സുര്യൻ
വരവോടെ ചിരിച്ചുകൊണ്ടിരികുന്ന പൂക്കൾ
നിശയിൽ പൊട്ടുപോലേ
പൂത്തുനിൽക്കുന്ന  താരകങ്ങൾ
പ്രതിഭാസങ്ങൾ നമ്മെ


**ആർഷ ഷാജൻ**

**9B**










## കേരളം

പച്ചപ്പ് നിറഞ്ഞതാണ് നമ്മുടെ കേരളം
വൃക്ഷങ്ങൾ നിറഞ്ഞതാണ് നമ്മുടെ നാട്
പുഴകൾ തോടുകളു നിറഞ്ഞൊരു കേരള
വയലുകൾ നിളെ പൊൻനിറത്തിൽ
കതിരുകൾ വിളഞ്ഞെ എൻ നാട്

*സ്നേഹ.എസ്*
9:ബി

# ആർഷം

ആർഷമാണെന്റെ മാതൃരാജ്യം
വിശ്വ സ്നേഹമാം ത്യാഗഭൂമി
നേടലല്ലതിൻ ഭാവം
തേടലത്രേ ചിരപുരാതന യത്നം

ആരണ്യകങ്ങളിൽ അരണിയിൽ
കടഞ്ഞതാണാ ജ്ഞാനദീപം
കാലങ്ങൾ പോറ്റിയ കെടാത്തിരി
ജ്ഞാനപെരുമതൻ ദീപാവലി

അന്യരോദന സ്വബന്ധുക്രന്ദനം
സഹനം വ്രതമാക്കി ഭാരതീയർ
ആകാശസമമാം അനുഭവജ്ഞാനവും
ജീവിതലക്ഷ്യമാം വേദാന്തസാരവും

ധർമവേദാന്തം മൂലാധാരമായ്
കർമവേദാന്തം മന്ത്ര ധ്വനി യാകും
വേദം പിറന്നൊരിനാട്ടിൽ
പുലരുവൻ കഴിവതേ പുണ്യം ...........

പ്രണവം രാജേഷ്
മലയാള അധ്യാപകൻ




## പ്രളയ ദുരന്തംസമാനതകളില്ലാത്ത കൂട്ടായ്മ

കർക്കിടകത്തിലെ മഴ മലയാളിക്ക് അപരിചിതമല്ല.പക്ഷേ ഈ കർക്കിടകം കേരളീയസമൂഹത്തെ അക്ഷരാർത്ഥത്തിൽ നെട്ടോട്ടമോടിച്ചു. മഴയെതുടർന്നുണ്ടായ മലവെള്ളപ്പാച്ചിലും ഉരുൾപ്പൊട്ടലും മലയിടിച്ചിലും ഇത്രമാത്രം ആഘാതമേൽപ്പിച്ചിട്ടും "നാം അതിജീവിക്കും" എന്ന ആത്മവിശ്വാസം ഓരോ മലയാളികളുടേയും കരുത്തായത് ജനങ്ങളും സർക്കാരും ചേർന്നൊരുക്കിയ സമാനതകളില്ലാത്തവിധം ഏകമനസ്സോടെയുള്ള അതിവിപുലമായ രക്ഷാപ്രവർത്തനവും പുനരധിവാസപ്രവർത്തവും കൊണ്ടുമാത്രമാണ്.483 പേരുടെ ജീവനാണ്അപഹരിക്കപ്പെട്ടത്.14 പേരെ കാണാതായി.35000 കോടി രൂപയുടെ നാശ-നഷ്ടങ്ങളുണ്ടായതായി കണക്കാക്കുന്നു.

**ആദിത്യ ബിജു**

**9 എ**




# ഓഖി

കടലിന്റെ മടിത്തട്ടിൽ നിന്നുയർന്നൊരുകൊടുംകാററ്
കവർന്നൊരായിരം ജിവനുകൾ
ചിപ്പികളും മുത്തുകളും നിറഞ്ഞൊരി ആഴിയിൽ
നിന്നുയരുന്നു കൊടും കാറ്റ്
ജീവനുകളിൽ തഴുകി തളരവെ കൊടും കാറ്റ്
വില്ലനായി അവതരിച്ച് കൊടും കാറ്റ്
കടലിന്റെ മടിത്തട്ടിൽ നിന്നുയർന്നൊരു കൊടും കാറ്റ്

അജയ് കൃഷ്ണൻ
9a

# പി.ഭാസ്കരൻ

(1924-2007)



കവി ,ഗാനരചയിതാവ്,ചലച്ചിത്രകാരൻ,മാധ്യമപ്രവർത്തകൻ എന്നീ നിലകളി പ്രശസ്തൻ.ദീർഘകാലം ആകാശവാണിയി ജോലിചെയ്തു.ദീപിക പത്രാധിപൻ.ഏഷ്യനെറ്റി ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.പത്മശ്രീ കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡ്,വയലാർ അവാർഡ്,ഓടക്കുഴല് അവാർഡ് ജെ.സി ഡാനിയേല് അവാർഡ് എന്നീ ബഹുമതികളും ലഭിച്ചിട്ടുണ്ട് ഓർക്കുക വല്ലപ്പോഴും വയലാർ ഗർജ്ജിക്കുന്നു ഓടക്കുഴലും ലാത്തിയും എന്നിവയാണ് പ്രധാന കൃതികൾ

അഞ്ജന.എ

9a

# ഒറ്റമൂലികൾ

| | |
|---|---|
| വാതം | കുറുന്തോട്ടി |
| ചുമ | ആടലോടകം |
| കാൻസർ | നിത്യകല്യാണി |
| ജലദോഷം | തുളസി |
| മഞ്ഞപ്പിത്തം | കീഴാർനെല്ലി |
| മൂത്രത്തിലെ കല്ല് | കല്ലുരുക്കി |
| മുറിവ് | മുക്കുറ്റി |
| പ്രാണികളുടെ കുത്ത് | പൂത്തുമ്പ |
| നേത്രരോഗങ്ങൾ | നന്ദ്യാർവട്ടം |
| രക്തസമ്മർദ്ദം | സർപ്പഗന്ധി |
| ദഹനരോഗങ്ങൾ | ഇഞ്ചി |
| ദന്തരോഗങ്ങൾ | ആര്യവേപ്പ് |
| പ്രമേഹം | തഴുതാമ |
| ഓർമക്കുറവ് | ബ്രഹ്മി |

ആരോമൽ . എസ്

**9B**

Mars Jupiter

## ഗ്രഹങ്ങൾ



- ഏറ്റവും വലിയ ഗ്രഹം -വ്യാഴം
- ഏറ്റവും ചെറിയ ഗ്രഹം -ബുധൻ
- ഏറ്റവും തണുത്ത ഗ്രഹം -നെപ്ട്യൂൺ
- സൂര്യനോട് ഏറ്റവും അടുത്ത ഗ്രഹം -ബുധൻ
- ചൂട് കൂടിയ ഗ്രഹം -ശുക്രൻ
- ഭാരം കൂടിയ ഗ്രഹം -വ്യാഴം
- സാന്ദ്രത ഏറ്റവും കൂടിയ ഗ്രഹം -ഭൂമി
- തുരുമ്പിച്ച ഗ്രഹം -ചൊവ്വ
- ചുവന്ന ഗ്രഹം -ചൊവ്വ
- പ്രഭാത നക്ഷത്രം -ശുക്രൻ
- തിളക്കമുള്ള ഗ്രഹം -ശുക്രൻ
- ഭൂമിയുടെ ഇരട്ട -ശുക്രൻ
- പച്ച ഗ്രഹം -യുറാനസ്
- ഉരുളുന്ന ഗ്രഹം --യുറാനസ്
- ഏറ്റവും വലിയ ഉപഗ്രഹം -ഗ്ലാനിമീഡ്


ദേവിക മുരുകൻ

9 A

# ദിനാചരണങ്ങൾ

നവംബർ 1 : കേരള പിറവി

നവംബർ 11 : ദേശീയ വിദ്യാഭ്യാസദിനം

നവംബർ 14 : ശിശുദിനം

ഡിസംബർ 1 : ലോക എയ്ഡ്സ് ദിനം

ഡിസംബർ 10 : മനുഷ്യാവകാശ ദിനം

ഡിസംബർ 17 : ദേശീയ പെൻഷൻ ദിനം

ജനുവരി 12 : ദേശീയ യുവജന ദിനം

ജനുവരി 26 : ഇന്ത്യൻ റിപ്പബ്ലിക് ദിനം

ജനുവരി 30 : ഗാന്ധിജിയുടെ രക്തസാക്ഷി ദിനം

ആർഷ ഷാജൻ
9:B

# ആദ്യത്തെ......

1) കേരളത്തിലെ ആദ്യ ശില്പ നഗരം?

-കോഴിക്കോട്

2) കേരളത്തിലെ ആദ്യത്തെ ആദിവാസി ഗ്രമപഞ്ചായത്ത് ?

-ഇടുക്കി

3) ഇന്ത്യയുടെ ആദ്യത്തെ പ്രതിരോധ ഉപഗ്രഹം?

-GSAT-7

4) ഇന്ത്യയിലെ ആദ്യത്തെ ആർച്ച് ഡാം ഏത് ?

-ഇടുക്കി

5) ഇന്ത്യയിലെ ആദ്യത്തെ ബട്ടർഫ്ളൈ പാർക്ക് എവിടെ ?

തെൻമല

കൃഷ്ണപ്രിയ.ജി

9a

## ഒ.എൻ.വി



മലയാള നാടിന്റെ പുണ്യമേ
ചവറ തൻ മാണിക്യമുത്തേ
ജന്മനാടിനെ വാനോളമുയർത്തി
ജ്ഞാനപീഠം കയറി മലയാളമനസ്സിൽ
സ്നേഹപീഠം തീർത്ത മഹാത്മവേ
പാദാരവിന്ദങ്ങളിൽ ഒരുകോടി പ്രണാമം
ഭൂമിയുടെ താപംശമിപ്പിപ്പാൻ ഒഴുകും
നദികളെപ്പോലെ
മനുഷ്യമനസ്സിന് കുളിർമയും പുളകനുമേകാൻ
അങ്ങയുടെ തൂലിക അനവരതം
അമൃത ഗംഗയൊഴുക്കട്ടെ!

അക്ഷരമുത്തുകൾ തീർക്കും ദീപ്തമാം

ആവണി
൭A


Thank You!